# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5612 18/11/2019-ൽ മറുപടിക്ക്

## വെള്ളായണി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സമഗ്ര പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | വെള്ളായണി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ സമഗ്ര പുരോഗതിക്കായി ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | എ) | വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രത്തിനു വേണ്ടി കാത്തിരിപ്പ കേന്ദ്രം നവീകരിച്ചു. രോഗികൾക്ക് സൗകര്യപ്രദമായി ഡോക്ടറെ കാണുന്നതിലേക്കായി കൂടുതൽ ഇരിപ്പിടവും സജ്ജമാക്കിയിട്ടുണ്ട്. ഡോക്ടറെ കാണുന്നതിനായി ക്യൂ നിൽക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ടോക്കൺ സിസ്റ്റം സജ്ജീകരിച്ചിട്ടുണ്ട്. അധികമായി വേണ്ടി വരുന്ന മരുന്നുകളുടെ ആവശ്യകത പരിഹരിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് പ്രോജക്ടിലൂടെ കൂടുതൽ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. കാത്തിരിപ്പ കേന്ദ്രത്തിൽ രോഗികൾക്ക് ആരോഗ്യ സന്ദേശം പകർന്നു നൽകുന്നതിലേയ്ക്കും, കൂടാതെ മാനസികോല്ലാസത്തിനായി സ്പീക്കർ സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. രോഗികൾക്കായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. ലാബ് ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സെമി ബയോ കെമിസ്ട്രി അനലൈസർ സ്ഥാപിച്ചിട്ടുണ്ട്. ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പണികൾ പുരോഗമിച്ചു വരുന്നു. |
| ബി) | പ്രസ്തുത ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ച് നല്ല രീതിയിൽ പ്രവർത്തന സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | ബി) | പ്രസ്തുത ആശുപത്രി 2019-20 ലെ എൻ.എച്ച്.എം പി.ഐ.പി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രവർത്തന സജ്ജമാകുന്ന മുറയ്ക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതാണ്. |
| സി) | നിലവിൽ പ്രസ്തുത ആശുപത്രിയിൽ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | സി) | നിലവിൽ വെള്ളായണി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 14 ജീവനക്കാരുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>ഡോക്ടർമാർ (അസിസ്റ്റന്റ് സർജൻ) - 2 |

| | | | |
|---|---|---|---|
| | | | സ്റ്റാഫ് നഴ്സ് - 1<br>ഫാർമസിസ്റ്റ് - 1<br>ലാബ് ടെക്നീഷ്യൻ - 1<br>ജെ.പി.എച്ച്.എൻ ഗ്രേഡ് (1&2) - 2<br>നഴ്സിംഗ് അസിസ്റ്റന്റ് - 3<br>സീനിയർ ക്ലാർക്ക് - 1<br>ഓഫീസ് അസിസ്റ്റന്റ് - 1<br>ആശുപത്രി അറ്റൻഡർ ഗ്രേഡ്-2 - 1<br>പാർട്ട് ടൈം സ്വീപ്പർ - 1 |
| ഡി) | നിലവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മെമ്പർമാർ ആരെല്ലാമാണ്; പേരുവിവരങ്ങൾ ലഭ്യമാക്കാമോ; | ഡി) | നിലവിലെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി മെമ്പർമാരുടെ പേര് സഹിതം വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഡോ.അജേഷ്.എസ്.ആർ, മെഡിക്കൽ ആഫീസർ ഇൻ ചാർജ്ജ്<br>2. ജയലക്ഷ്മി ആർ, പഞ്ചായത്ത് പ്രസിഡന്റ്<br>3. കുമാർ.എസ്, പഞ്ചായത്ത് പ്രസിഡന്റ്<br>4. ജയന്തി, ഹെൽത്ത് & എഡ്യൂക്കേഷൻ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ<br>5. കൃഷ്ണ കുമാരി, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>6. ചന്തു കൃഷ്ണ, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>7. ജയൻ.ജി, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>8. പ്രവീണകുമാരി, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>9. കിരൺകുമാർ, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>10. ബീന, മെമ്പർ, കല്ലിയൂർ ഗ്രാമപഞ്ചായത്ത്<br>11. സതികുമാർ, യു.ഡി.എഫ് റെപ്രസെന്റിറ്റീവ്<br>12. രവീന്ദ്രൻ നായർ, ബി.ജെ.പി റെപ്രസെന്റിറ്റീവ്<br>13. അനിക്കുട്ടൻ, സി.പി.എം റെപ്രസെന്റിറ്റീവ്<br>14. പ്രീതാറാണി, സി.പി.ഐ റെപ്രസെന്റിറ്റീവ്<br>15. സുരേഷ് കുമാർ, ജെ.ഡി.എസ് റെപ്രസെന്റിറ്റീവ്<br>16. ലതകുമാരി, ഡിസ്ട്രിക്ട് പഞ്ചായത്ത് മെമ്പർ<br>17. ഗിരിജ.ജെ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ<br>18. കൃഷ്ണൻ നാടാർ, എം.എൽ.എ യുടെ റെപ്രസെന്റിറ്റീവ്<br>19. ബിന്ദു തോമസ്, സോഷ്യലിസ്റ്റ് ജനത റെപ്രസെന്റിറ്റീവ് |

| | | | |
|---|---|---|---|
| ഇ) | ഒരു വർഷത്തിൽ എത്ര തവണ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടാറുണ്ട്; വിശദമാക്കാമോ? | ഇ) | ഒരു വർഷത്തിൽ നാല് തവണ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി യോഗം കൂടാറുണ്ട് |

സെക്ഷൻ ഓഫീസർ